# ചെല്ലാനം പദ്ധതിക്കെതിരെ പ്രതിഷേധം

ചെല്ലാനം- ചെല്ലാനത്ത് 900 കോടി രൂപയുടെ സൂപ്പർ ടാങ്കർ പദ്ധതി നിർമ്മാണം പ്രതിസന്ധിയാലാവുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ തേടിയതും, പദ്ധതിക്കെതിരെ തദ്ദേശവാസികൾ പ്രതിഷേധമുയർത്തിയതുമാണ് പദ്ധതി പ്രശ്നത്തിലേക്ക് നീങ്ങുവാൻ കാരണം.

619 കോടിയുടെ പദ്ധതിയാണ് ആദ്യഘട്ടത്തിൽ നടപ്പാക്കുക. 187 ഏക്കർ സ്ഥലമാണ് ആദ്യഘട്ടത്തിൽ വേണ്ടിവരിക. രണ്ടാംഘട്ടത്തിൽ 540 ഏക്കർ സ്ഥലം ആവശ്യംവരും. 38 പേർക്കാണ് തൊഴിൽ ലഭിക്കുക. കെ.പി. തോമസ് എം.പി.യായിരുന്ന കാലത്താണ് ഈ പദ്ധതിക്കുവേണ്ടി കൊച്ചിൻ റിഫൈനറീസ് ശ്രമമാരംഭിച്ചത്. വികസന പ്രവർത്തനമാണ് ഇത് എന്നുതന്നെയാണ് അദ്ദേഹത്തിന്റെ നിലപാട്. കഴിയുന്നത്ര പരിസ്ഥിതി പ്രശ്നങ്ങൾ കുറച്ച് ഇത് നടപ്പാക്കാനാണ് അദ്ദേഹത്തിന്റെ ആഹ്വാനം.

പദ്ധതി ആയിരക്കണക്കിനു പേരുടെ തൊഴിൽ ഇല്ലാതാക്കും എന്നാണ് ജനങ്ങളുടെ നിലപാട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്ന സ്ഥലമാണിത്. പദ്ധതി മൂലമുണ്ടാകുന്ന

(ശേഷം ആറാം പേജിൽ)

# ചെല്ലാനം പദ്ധതിക്കെതിരെ പ്രതിഷേധം

(ഒന്നാം പേജ് തുടർച്ച)

മലിനീകരണം കായലിനേയും കടലിനേയും ഒരു പോലെ ബാധിക്കും. ഒരു കോടിരൂപയിലേറെ മത്സ്യകൃഷി വഴി ചെല്ലാനത്ത് വരുമാനമുണ്ടാവുന്നുണ്ട്. പഞ്ചായത്തിന്റെ മുഖ്യവരുമാനവും ചെമ്മീൻ കെട്ടുകളാണ്. മിക്കവാറും പ്രദേശം പദ്ധതിക്കുവേണ്ടി ഏറ്റെടുക്കപ്പെടും എന്നാണ് സൂചന. സിപിഎം ഭരിക്കുന്ന ഈ പഞ്ചായത്ത് പദ്ധതിക്കെതിരെ നിലപാട് സ്വീകരിച്ചു കഴിഞ്ഞു.

ഫിബ്രവരി 27ന് ചെല്ലാനത്ത് കൂടിയ ജനപ്രതിനിധി യോഗത്തിൽ ആയിരക്കണക്കിന് പേർ സംബന്ധിച്ചു. നൂറോളം പ്രസ്ഥാനങ്ങളുടെ പ്രതിനിധികൾ ഇതിൽ സംബന്ധിച്ചിരുന്നു. പദ്ധതിക്കെതിരെ ശക്തമായ നിലപാടെടുക്കനാണ് തീരുമാനിച്ചിട്ടുള്ളത്. അഖില കേരളാടിസ്ഥാനത്തിൽ വിപുലമായി സമ്മേളനം വിളിച്ചു കൂട്ടാനും, മറ്റ് പരിസ്ഥിതി സംഘടനകളുമായി സഹകരിച്ച് സമരമാരംഭിക്കാനും പരിപാടിയുണ്ടെന്ന് പരിസ്ഥിതി കമ്മിറ്റി കൺവീനർ ഇ.പി. ജോസഫ് അറിയിച്ചു. ഈ പദ്ധതിയുടെ സൂക്ഷ്മാംശങ്ങൾ പഠനവിഷയമാക്കിക്കൊണ്ടിരിക്കുകയാണ്.